പരോരജ: സവിതുർജ്ജാതവേദോ ദേവസ്യ ഭർഗ്ഗോ മനസേദം ജജാന
സുരേതസാദ: പുനരാവിശ്യ ചഷ്ടേ ഹംസം ഗൃധ്രാണാം നൃഷദ്രിംഗിരാമിമ: **(5-7-14)**

ശുകമുനി പറഞ്ഞു: തനിക്കു പിൻഗാമിയായി ഭരതൻ രാജ്യഭാരമേൽക്കണമെന്ന ഋഷഭദേവൻെറ ആഗ്രഹപ്രകാരം ഭരതൻ രാജാവായി. അദ്ദേഹത്തിൻെറ ഭരണമഹിമകൊണ്ട് ഭാരതം അദ്ദേഹത്തിൻെറ പേരിലറിയപ്പെടുന്നു.

ഭരതൻ വിശ്വരൂപൻെറ മകളായ പഞ്ചജാനിയെ വിവാഹം കഴിച്ചു. അവർക്ക് സുമതി, രാഷ്ട്രഭൃത്, സുദർശനൻ, ആവരണ, ധൂമകേതു എന്നിങ്ങിനെ അഞ്ചു പുത്രന്മാർ ഉണ്ടായി.

ഭരതൻ തൻെറ മുത്തച്ഛനെപ്പോലെയും അച്ഛനേപ്പോലെയും ഉന്നതനായ ഭരണനിപുണനായിരുന്നു. രാജധർമ്മത്തെപ്പറ്റി ഏറ്റവും ശ്രദ്ധാലുവായിരുന്നു ഭരതൻ. വേദപുരാണങ്ങളും അതിലെ സംഹിതകളും രാജാവിന് നല്ല അറിവുണ്ടായിരുന്നു. വേദാനുസാരിയായ പൂജകളും യാഗങ്ങളും ആചാരക്രമങ്ങളും ദിവ്യകർമ്മങ്ങളും അദ്ദേഹം കൃത്യമായി ചെയ്തുപോന്നു. പൂജാരികൾ വേദമന്ത്രങ്ങളുച്ചരിച്ചുകൊണ്ട് യാഗം നടത്തുമ്പോൾ അഗ്നിയെ ഭഗവാൻ തന്നെ എന്ന് ഭരതൻ മനസാ ദൃശ്യവൽക്കരിച്ചു. യാഗാഗ്നിയും യാഗഹവിസ്സും പൂജാദികളും പൂജാരിയും എല്ലാം ഭഗവാൻ തന്നെ എന്ന് അദ്ദേഹം കണ്ടു. പലേവിധ വൈദീകമന്ത്രങ്ങളാൽ വിവിധ ദേവതകളെ ആവാഹിക്കുമ്പോഴും ഭരതന് തൻെറ സഹജാവബോധത്താൽ എല്ലാ ദേവതകളും ആ വിശ്വരൂപത്തിൻെറ അംഗങ്ങൾ മാത്രമെന്ന ജ്ഞാനം ഉണ്ടായിരുന്നു. ഇതിനുപുറമേ, ഈ യാഗങ്ങളിൽ നിന്നും ഭൗതീകമോ സ്വർഗ്ഗീയമോ ആയ യാതൊരുവിധ ഫലേച്ഛയും ഇല്ലാതിരുന്നതിനാൽ ഭരതൻെറ ഹൃദയം അനുദിനം പരിപാവനവും പരിശുദ്ധവുമായിത്തീർന്നു.

പരിശുദ്ധമായ ആ മനസ്സിൽ ഭഗവൽഭക്തി ഉദിച്ചുയർന്നു. ഏറെക്കാലം രാജ്യഭാരം വഹിച്ചശേഷം ഒരുദിനം തനിക്ക് സന്യാസത്തിനു കാലമായി എന്നറിഞ്ഞ ഭരതൻ ഗന്ധകിനദിയുടെ തീരത്തുള്ള പുലഹൻെറ ആശ്രമത്തിൽ ചെന്നു. ഭഗവാൻ വിഷ്ണുവിൻെറ ചിഹ്നങ്ങളുള്ള  സാളഗ്രാമങ്ങൾ ലഭിക്കുന്ന നദിയത്രേ ഗന്ധകി.

പുലഹൻെറ ആശ്രമത്തിൽ ഭരതൻ നിരന്തരം ഭഗവാൻ വാസുദേവനെ പൂജിച്ചു കഴിഞ്ഞുവന്നു. ഭഗവൽനാമങ്ങളുച്ചരിക്കവേ, അദ്ദേഹം രോമാഞ്ചം കൊണ്ടു. കണ്ണീരൊഴുകുകയും പുറംലോകത്തെ ക്കുറിച്ചുള്ള ബോധം ഇല്ലാതാവുകയും ചെയ്തു.  ആ അവസ്ഥയിൽ താൻ തുടങ്ങിവെച്ച പൂജാവിധികൾ പൂർത്തിയാക്കുകപോലും അസാദ്ധ്യമായിത്തീർന്നു. ആ പരമാത്മബോധത്തിൽ ഭഗവൽസാന്നിദ്ധ്യം സദാ ഹൃദയത്തിൽ നിറച്ചുകൊണ്ട് ഭരതൻ ഏറെക്കാലം കഴിഞ്ഞു.

ഒരു മാൻതോലുടുത്ത്, ആവർത്തിച്ചുള്ള സ്നാനത്താൽ നനഞ്ഞ ജടയുമായി ഭരതൻ നാരായണനെ ധ്യാനിച്ചു നിലകൊണ്ടു. സൂര്യഗോളത്തെ ഭഗവാൻെറ പ്രത്യക്ഷരൂപമായി ധ്യാനിച്ച് അദ്ദേഹം ഇങ്ങിനെ പ്രാർഥിച്ചു. “അജ്ഞാനാന്ധകാരത്തിനും ഭൗതീകതയുടെ കളങ്കത്തിനും അതീതമായ ഈ സൂര്യപ്രകാശം നമ്മുടെ കർമ്മഫലങ്ങളുടെ വിധാതാവുതന്നെയാണ്.  എല്ലാം ആ മനസ്സിൻെറ സൃഷ്ടിയത്രേ. ഇവകളിലെല്ലാം സ്വയം പ്രവേശിച്ച് ജീവനെ പരിരക്ഷിക്കുന്നത് ബോധത്തിൻെറ ശക്തിയാലത്രെ.  ഞങ്ങളുടെ ബുദ്ധിയെ പ്രദ്യോദിപ്പിക്കുന്ന ആ പ്രകാശത്തിൽ ഞാൻ അഭയം തേടുന്നു.”